**പതിമൂന്നാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:1759 21.01.2014-ൽ മറുപടിയ്ക്ക്

## സർക്കാർ ഡയറിയും കലണ്ടറും

ചോദ്യം

**ശ്രീ. എ. എം. ആരിഫ്**

മറുപടി

**ശ്രീ. കെ. പി. മോഹനൻ**
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

(എ) നടപ്പുവർഷം ഇതുവരെ സർക്കാർ ഡയറിയും കലണ്ടറും എത്ര വീതം അച്ചടിച്ചു; ഇതിൽ എത്ര എണ്ണം വില്പനക്കായി വിതരണം ചെയ്തു ; കഴിഞ്ഞ വർഷം ഇവ എത്ര വീതമായിരുന്നു ?

(എ) 2014 വർഷത്തെ നാല് ലക്ഷം ഓർഡിനറി കലണ്ടറുകളും 4000 മൗണ്ടഡ് കലണ്ടറുകളും അച്ചടിച്ചിട്ടുണ്ട്. കൂടാതെ ലതർ കവർ ഡയറി 280 എണ്ണവും, ഡയറി സിംഗിൾ പേജ് 1400 എണ്ണവും, ഡയറി എക്സിക്യൂട്ടീവ് 3000 എണ്ണവും, ഡയറി (ഇംഗ്ലീഷ് ഓർഡിനറി) 75000 എണ്ണവും അച്ചടിച്ച് പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ ഇംഗ്ലീഷ് ഓർഡിനറി ഡയറിയുടെ ബൈന്റിംഗ് ജോലികൾ പൂർണ്ണമായിട്ടില്ല. ഇതുവരെ 184175 കലണ്ടറുകളും 3902 എണ്ണം ഡയറികളും വിൽപ്പനയ്ക്കായി വിതരണം ചെയ്തിട്ടുണ്ട്.

2013 വർഷത്തിൽ 181700 കലണ്ടറുകളും 5974 ഡയറികളും വിൽപ്പന നടത്തിയിട്ടുണ്ട്.

(ബി) ഡയറിയും കലണ്ടറും അച്ചടിച്ച വകയിൽ എത്ര രൂപ ചെലവായി ; വില്പനയിലൂടെ എത്ര രൂപ ലഭിച്ചു ; വ്യക്തമാക്കാമോ ;

(ബി) 2014-ലെ കലണ്ടറിന്റെയും ഡയറിയുടെയും അച്ചടി പൂർത്തിയാകാത്ത സാഹചര്യത്തിൽ ഇവയുടെ ചെലവിനെ സംബന്ധിച്ച കണക്കുകൾ ഇപ്പോൾ ലഭ്യമാക്കുവാൻ സാധിക്കുകയില്ല. 13.01.2014 വരെ 2014-ലെ കലണ്ടറുകളും ഡയറികളും വിറ്റ വകയിൽ 37,05,797/- രൂപ ലഭിച്ചിട്ടുണ്ട്.

(സി) നടപ്പുവർഷത്തേക്കുള്ള ഡയറി ഏറ്റവും ഒടുവിൽ പ്രിന്റ് ചെയ്തത് എപ്പോഴാണ് ; പുതിയ മന്ത്രി സത്യപ്രതിജ്ഞ ചെയ്തതിനുശേഷം ഡയറി പുതുക്കി അച്ചടിക്കുകയുണ്ടായോ; എങ്കിൽ അതിനായി ചെലവായ അധിക തുക എത്ര ?

(സി) അച്ചടി ജോലികൾ ഇപ്പോഴും നടന്നുവരികയാണ്. ഇനിയും ബാക്കി അച്ചടിക്കാനുള്ള 25,000 ഇംഗ്ലീഷ് ഡയറിയിലും 50,000 മലയാളം ഡയറിയിലും പുതിയ മന്ത്രിയുടെ വകുപ്പുമായി ബന്ധപ്പെട്ട മാറ്റങ്ങൾ കൂടി ഉൾപ്പെടുത്തി അച്ചടിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇപ്രകാരം മാറ്റം വരുത്തി അച്ചടിക്കുന്നതുകൊണ്ട് അധിക ചെലവ് വരുന്നില്ല.

സെക്ഷൻ ഓഫീസർ